"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ആലപ്പുഴ ജില്ല - സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ചെലവുകൾക്കായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1262/2022/LSGD തീയതി,തിരുവനന്തപുരം, 20-05-2022

---

പരാമർശം:- 1. ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന 06.05.2022 ലെ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്ന പ്രദർശന വിപണന മേളകൾ ആലപ്പുഴ ജില്ലയിൽ 2022 മെയ് മാസം 10 മുതൽ 16 വരെയുള്ള തീയതികളിൽ നടത്തുന്നതിന് നിശ്ചിയിച്ചിട്ടുണ്ടെന്നും ഇതിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുപുറമേ ജില്ലയിലെ ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിന് ഒരു ലക്ഷം രൂപയുടെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നതായും സർക്കാരിന്റെ വാർഷികത്തോടനുബന്ധിച്ച് സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങൾക്കായി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 1,000/-രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുൻസിപ്പാലിറ്റികളിൽ നിന്നും 2,000/- രൂപ വീതവും സമാഹരിക്കുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നും ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 2022 മെയ് മാസം 10 മുതൽ 16 വരെയുള്ള തീയതികളിൽ സംഘടിപ്പിച്ച പ്രദർശന വിപണന മേളകൾക്കും സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്ന പ്രവർത്തനങ്ങൾക്കുമായി ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 1,000/-രൂപ വീതവും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും മുൻസിപ്പാലിറ്റികളിൽ നിന്നും 2,000/-രൂപ വീതവും ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ ജോയിന്റ് ഡയറക്ടർ,ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shemim Khan S H**
**Date: 20-05-2022 10:19:20**
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.